## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2142 07.12.2015-ൽ മറുപടിയ്ക്ക്**

## കാര്യവട്ടം രാജ്യാന്തര സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സാഫ് ഫുട്ബോൾ ടൂർണമെന്റിന് കാര്യവട്ടം രാജ്യാന്തര സ്റ്റേഡിയത്തിലെ ഒരുക്കങ്ങൾ വ്യക്തമാക്കുമോ ; എന്നു മുതലാണ് ടൂർണമെന്റ് ആരംഭിക്കുന്നത് ; | (എ) & (ബി) | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ 15 വർഷത്തേയ്ക്കുള്ള നടത്തിപ്പ് M/s IL & FS Transportation Network Ltd എന്ന സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. സ്റ്റേഡിയത്തിൽ മത്സരങ്ങൾ നടത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് പ്രസ്തുത സ്ഥാപനമാണ്. |
| (ബി) | ഇന്ത്യാ-ഗുവാം ലോകകപ്പ് യോഗ്യത മത്സരം പ്രസ്തുത സ്റ്റേഡിയത്തിൽ നിന്നും ബെംഗളൂരുവിലേയ്ക്ക് മാറ്റിയതെന്തുകൊണ്ട് ; | | |
| (സി) | പ്രസ്തുത സ്റ്റേഡിയം ഗ്രൗണ്ടിൽ സ്ഥിരമായുള്ള പിച്ച് നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത സ്റ്റേഡിയം വ്യത്യസ്ത മത്സരയിനങ്ങൾ നടത്തുവാൻ വേണ്ടിയുള്ള രീതിയിലാണ് രൂപ കൽപ്പന ചെയ്തിരിക്കുന്നത്. സ്ഥിരമായുള്ള പിച്ച് നിർമ്മിച്ചാൽ ക്രിക്കറ്റ് മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. മറ്റ് മത്സരയിനങ്ങൾ നടത്തിയാൽ പിച്ചിന് കേടുപാടുകൾ സംഭവിക്കാനിടയുണ്ട്. ഇക്കാരണത്താൽ കുറഞ്ഞ സമയം കൊണ്ട് നീക്കം ചെയ്യാവുന്നതും പുന:സ്ഥാപിക്കാൻ കഴിയുന്നതുമായ ഡ്രോപ്-ഇൻ-പിച്ച് (Drop-in-pitch) എന്ന പുതിയ സാങ്കേതിക വിദ്യ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇപ്രകാരം ഡ്രോപ്-ഇൻ-പിച്ച് നിർമ്മിച്ചാൽ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ കൂടുതൽ ദിനങ്ങളിൽ നടത്തുവാൻ കഴിയും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്റ്റേഡിയത്തിൽ ക്ലബ്ബ് ഹൗസും കൺവെൻഷൻ സെന്ററും പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ക്ലബ്ബ് ഹൗസിന്റെയും കൺവെൻഷൻ സെന്ററിന്റെയും നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. 2016 ഫെബ്രുവരി മാസത്തിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**